**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1251** **12-02-2025 - ൽ മറുപടിയ്ക്ക്**

**കുരിശ്ശിങ്കൽ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 ലെ ബജറ്റിൽ തുക അനുവദിക്കുകയും 10/3/2024 ലെ ജി.ഒ.(ആർ.ടി.) 334/2024/ പി.ഡബ്ല്യൂ.ഡി പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്ത പാലാ നിയോജകമണ്ഡത്തിൽ മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പാലാ നിയോജക മണ്ഡലത്തിൽ മേലുകാവ് ഗ്രാമ പഞ്ചായത്തിലെ കുരിശിങ്കൽ പാലം പുനർ നിർമ്മാണത്തിന് വേണ്ടി സർക്കാർ ഉത്തരവ് (സാധാ) 334/2024/01/PWDതീയതി 10-03-2024 പ്രകാരം 397 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ ആവശ്യമായതിനാൽ topographic survey, boundary Stone സ്ഥാപിക്കൽ എന്നിവയ്ക്ക് Part TS നൽകി പ്രസ്തുത പ്രവൃത്തി കരാറാകുകയും കരാറുകാരന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ച ശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ